# സദ്വർത്തമാനം അറിയിക്കുക

## 2 രാജാക്കന്മാർ 7:8

"ഇന്നു സദ്വർത്തമാനദിവസമല്ലോ; നാമോ മിണ്ടാതിരിക്കുന്നു; നേരം പുലരുംവരെ നാം താമസിച്ചാൽ നമുക്കു കുറ്റംവരും; ആകയാൽ വരുവിൻ; നാം ചെന്നു രാജധാനിയിൽ അറിവുകൊടുക്ക എന്നു പറഞ്ഞു."

അരാംരാജാവായ ബെൻ-ഹദദ് തന്റെ സൈന്യവുമായി ശമര്യ വളഞ്ഞു എന്നും ഈ സമയം ശമര്യയിൽ മഹാക്ഷാമം ഉണ്ടായി എന്നും (2 രാജാ. 6:24) നാം കാണുന്നു. മക്കളെ പുഴുങ്ങി തിന്നുന്ന പോലെ നീചമായ അവസ്ഥയിൽ എത്തുന്ന ഒരു ഭയങ്കര ക്ഷാമമായിരുന്നു അന്നാളിൽ ഉണ്ടായത്. എന്നാൽ എലീശാ പ്രവാചകൻ യഹോവയുടെ അരുളപ്പാട് ഇപ്രകാരം അറിയിച്ചു. "നാളെ ഈ നേരത്തു ശമര്യയുടെ പടിവാതിൽക്കൽ ശേക്കേലിനു ഒരു സെയാ കോതമ്പുമാവും ശേക്കേലിനു രണ്ടു സെയാ യവവും വില്ക്കും." (2 രാജാ. 7:1) കടുത്ത ക്ഷാമത്തിന്റെ നടുവിൽ പ്രവചനത്തിന്റെ ഭാഷ അവിശ്വസനീയമായി തോന്നിയ അകമ്പടി നായകൻ പ്രവാചകനു വിരുദ്ധമായി സംസാരിക്കുകപോലും ചെയ്തു (2 രാജാ. 7:2).

എന്നാൽ കുഷ്ഠരോഗികളായി നാലുപേർ ശമര്യയുടെ പടിവാതിൽക്കൽ ഉണ്ടായിരുന്നതായി ദൈവവചനം വെളിപ്പെടുത്തുന്നു. അവർ ധൈര്യപ്പെട്ട് അരാം പാളയത്തിനകത്തു ചെന്നു. അകത്തു കടന്ന കുഷ്ഠരോഗികൾ അവിടെ അരാമ്യസൈന്യത്തെ കണ്ടില്ല. കാരണം യഹോവയുടെ ശബ്ദം സൈന്യത്തെ അവിടെനിന്ന് ഓടിച്ചിരുന്നു. (2 രാജാ. 7:6) അതുകൊണ്ട് കൂടാരത്തിനകത്ത് കയറിച്ചെന്ന കുഷ്ഠരോഗികൾ ആവോളം തിന്നുകുടിച്ചു. വെള്ളിയും, പൊന്നും, വസ്ത്രങ്ങളും എടുത്ത് ഒളിപ്പിക്കുകയും ചെയ്തു. എന്നാൽ തിന്നുകുടിച്ച രോഗികൾക്ക് പെട്ടെന്ന് സുബോധം ഉണ്ടായി പറയുന്ന വാചകങ്ങളാണ് കുറിവാക്യമായി നാം വായിച്ച വേദഭാഗം.

പാളയത്തിനു പുറത്തായിരുന്ന കുഷ്ഠരോഗി, കൂടാരത്തിനകത്തു ചെന്നപ്പോൾ അവന്റെ സ്ഥിതി മാറി. വേണ്ടത് ഒക്കെയും കിട്ടി. അകത്തു കടന്നില്ലായിരുന്നെങ്കിൽ, അവരുടെ മരണം തീർച്ചയായിരുന്നു, എന്നാൽ അകത്തു കടപ്പാനുള്ള ധൈര്യം അവർക്കുണ്ടായി, മാത്രമല്ല ലഭിച്ചത് കൈയ്യിലൊതുക്കി ഇരുന്നില്ല. വെള്ളിയും പൊന്നും ഒക്കെ ഒളിപ്പിച്ചുവെങ്കിലും അവരുടെ ഹൃദയത്തെ ഹേമിച്ച്, വിഷയം ഓടിച്ചെന്ന് രാജധാനിയിൽ അറിയിക്കുന്നു. പിന്നീട് നമുക്കറിയാം എലീശായുടെ അരുളപ്പാടുപോലെ തന്നെ ശമര്യയുടെ പടിവാതിൽക്കൽവെച്ച് യവവും ഗോതമ്പും അന്ന് വിൽക്കുവാൻ ഇടയായി.

പ്രവാചകനു വിരുദ്ധമായി സംസാരിച്ചവൻ, ദൈവീക അരുളപ്പാടുപോലെ അവന്റെ കണ്ണു കൊണ്ട് കണ്ടു. അതിൽനിന്ന് തിന്നില്ല (2 രാജാ. 7:3). ഈ സംഭവത്തിലൂടെ വിശ്വാസിയുടെ ജീവിതത്തിന്റെ ഒരു ദൃഷ്ടാന്തമാണ് വെളിപ്പെടുന്നത്. പാളയത്തിനു പുറത്തായിരുന്ന നമ്മെ യിസ്രായേൽ പൗരത്വത്തോടു ചേർത്തുവെച്ച കർത്താവിന്റെ സ്നേഹം. പാളയത്തിനു പുറത്തുനിന്നു കൂടാരത്തിനകത്തു കയറുവാൻ യേശുകർത്താവിലൂടെ നമുക്ക് യോഗ്യത ലഭിച്ചു. കർത്താവിന്റെ കൂട്ടു പൗരത്വത്തിലേക്ക് നമ്മെ ഉയർത്തി സ്വർഗ്ഗത്തിലെ സകല ആത്മീക അനുഗ്രഹങ്ങളാലും നമ്മെ നിറച്ചവന്റെ ശക്തിയാണ് ഇന്ന് നമുക്ക് സ്വന്ത മായുള്ളത്. ജീവിതത്തിന്റെ സകല മണ്ഡലങ്ങളിലും വ്യാപരിക്കുവാനും, പ്രവർത്തി ക്കുവാനും നിറയ്ക്കുവാനും ഈ ശക്തി മാത്രം മതി.

എന്നാൽ ലഭിച്ച നേട്ടം എത്ര കണ്ട് നമുക്ക് വെളിപ്പെടുത്തുവാനും, ഘോഷി ക്കുവാനും കഴിയുന്നുണ്ട് എന്ന വലിയ ചോദ്യത്തിനു മുമ്പിൽ കർതൃകരങ്ങളിൽ പൂർണ്ണ മായി കൊടുക്കാം. കുഷ്ഠരോഗികൾ പറഞ്ഞു, നമുക്ക് അകത്തു ചെല്ലാം ഏതായാലും മരിക്കും. അതേ പ്രിയരേ, പാപത്തിന്റെ ശമ്പളം മരണമായിരുന്നു. എന്നാൽ മരണത്തിനു ഏല്പിച്ചു കൊടുക്കാതെ, പാപത്തിന്റെ വിഷമുള്ളിൽനിന്നും നമ്മെ വിടുവിച്ചവന്റെ സദ്വർത്തമാനം ഘോഷിക്കുവാനും ചുമക്കുവാനും കർത്താവ് സഹായിക്കട്ടെ. രാജധാനിവരെ ഓടിച്ചെല്ലാൻ സാധിച്ചെന്ന് വരില്ല. എന്നാൽ ആയിരിക്കുന്ന ജീവിത സാഹചര്യങ്ങളുടെയും, ചുറ്റുപാടുകളുടെയും നടുവിൽ കർത്താവിന്റെ സ്നേഹം, വിടുതൽ, സ്വാതന്ത്ര്യം ഒക്കെ പരത്തുവാൻ അവന്റെ കൃപയ്ക്കായി യാചിക്കാം. നേരം പുലരുംവരെ താമസിച്ചാൽ കുറ്റം വരും എന്നു പറഞ്ഞ കുഷ്ഠരോഗികളെപ്പോലെ ഒരു ഹൃദയഭാരം തരണമേ എന്ന വലിയ പ്രാർത്ഥനയോടെ ആയിരിക്കാം. കർത്താവ് നിറച്ചാലേ ധൈര്യമുള്ളു. അവിടയെ സദ്വർത്തമാനമുള്ളു. അതിനായി മാത്രം നമുക്ക് പ്രാർത്ഥിക്കാം.

**പരാമർശം:**

ഫിലിപ്പിയർ 2:4
ഒരോരുത്തൻ സ്വന്തഗുണമല്ല മറ്റുള്ളവന്റെ ഗുണവും കൂടെ നോക്കേണം.

ലൂക്കോസ് 2 10–11
ദൂതൻ അവരോടു: ഭയപ്പെടേണ്ടാ; സർവ്വജനത്തിന്നും ഉണ്ടാവാനുള്ളോരു മഹാസന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവു ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 127**